25
ആഗസ്റ്റ് 2023
വെള്ളി
Pages- 5
Vol. 2 Issue 203

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission

CNL7 MEDIA

572



## കെനിയയിൽ തീവ്രവാദ ആക്രമണം:

# പള്ളിയും വീടുകളും കത്തിച്ചു

**സൊമാലിയൻ ആസ്ഥാനമായുള്ള അൽഷബാബ് തീവ്രവാദികൾ നടത്തിയ രണ്ട് ആക്രമണങ്ങൾക്കുശേഷം പ്രദേശവാസികൾ ആക്രമണം ഭയന്ന് ഒരു സ്കൂളിൽ ക്യാമ്പ് ചെയ്യുകയായിരുന്നു**


പേജ് 4

## ഏഷ്യയിൽ ക്രൈസ്തവർക്ക് നേരെ നടക്കുന്ന പീഡനങ്ങളിൽ വർദ്ധനവ്: പുതിയ റിപ്പോർട്ട്

എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ആഗസ്റ്റ് 25 വെള്ളി



# ഒരമ്മ ഏറ്റവും സ്നേഹിക്കുന്ന കുട്ടി

ഏഴു മക്കൾ ഉള്ള ഒരമ്മയോട് ഒരാൾ ഒരു ചോദ്യം ചോദിച്ചു. 'ഈ മക്കളിൽ ആരാണ് അമ്മയുടെ ഏറ്റവും വാത്സല്യമുള്ള കുഞ്ഞ്?'എന്തായിരിക്കും ആ ഉത്തരം? എല്ലാവരും തുല്യസമയം ഉദരത്തിൽ വസിച്ചവർ. എല്ലാവരെയും ഒരുപോലെ ഭക്ഷണവും സ്നേഹവും നൽകി വളർത്തിയ അമ്മയുടെ ഏറ്റവും വാത്സല്യ സന്താനം ആരായിരിക്കും? ഒത്തിരിപ്പേരുടെ ഇടയിൽ ഏറ്റവും കണ്ണിലുണ്ണിയായതിനെ വേർതിരിക്കുവാൻ സാധിക്കില്ല. ആ അമ്മക്ക് ആ ചോദ്യത്തിനൊരുത്തരമുണ്ടായിരുന്നു.അമ്മ പറഞ്ഞു:'എനിക്ക് ഇതിനുള്ളിൽ എനിക്കിഷ്ടനായ ഒരു കണ്ണിലുണ്ണി ഉണ്ട്.'

'എന്റെ പ്രീതിപാത്രം രോഗിയായ കുഞ്ഞാണ്. അവന്റെ രോഗം മാറും വരെ അവൻ എന്റെ വാത്സല്യ സന്താനമാണ്.' 'എനിക്കിതിൽ ഒരു കണ്ണിലുണ്ണി ഉണ്ട്.' 'ആ കുഞ്ഞ്, വീട്ടിൽ നിന്നും പിണങ്ങിപ്പോയവനാണ്.' അവൻ മടങ്ങി വരും വരെ അവനാണെന്റെ പ്രീയപാത്രം. 'എനിക്കൊരു കണ്ണിലുണ്ണി ഉണ്ട്.' 'വീണുകിടക്കുന്ന കുഞ്ഞാണത്.' 'ആ കുഞ്ഞ് എഴുന്നേറ്റ് സൗഖ്യമായി നടക്കുന്നത് വരെ ആ കുഞ്ഞ് എന്റെ വാത്സല്യ കുഞ്ഞാണ്.'

'ആര് വീഴുന്നുവോ, ആര് രോഗിയാണോ, ആര് കരയുന്നുവോ, ആര് തകർന്നു കിടക്കുന്നുവോ, ആര് മുറിവേറ്റു കിടക്കുന്നുവോ, ആ കുഞ്ഞാണ് എന്റെ സ്നേഹഭാജനം.' 'ആ സന്താനം പൂർണ്ണമായി സുഖപ്പെടുന്നത് വരെ ഞാൻ അധികം സ്നേഹം പകർന്നുകൊണ്ടിരിക്കും.' 'എന്റെ സ്നേഹമാണ് ആ കുഞ്ഞിന്റെ മരുന്നും ഔഷധവും.' 'അളവില്ലാതെ ആ കുഞ്ഞിനെ ആ ദിവസങ്ങളിൽ സ്നേഹിക്കും.' ദൈവ സ്നേഹത്തിന്റെ ഒരു മാതൃകയാണിത്. നമ്മുടെ വീഴ്ചയിൽ, താഴ്ചയിൽ, രോഗത്തിൽ നമ്മുടെ മേൽ തന്റെ ദൃഷ്ടി പതിപ്പിച്ച് നമ്മെ ദയയോടെ നോക്കുന്ന ആ ദൈവ സ്നേഹമാണ് നമ്മുടെ സൗഖ്യത്തിന്റെ ഔഷധം.

മനുഷ്യരെല്ലാം നമ്മെ ഉപേക്ഷിക്കുന്ന സമയമാണത്. വീണു കിടക്കുന്നവരെ ആർക്കു വേണം? തകർന്നവരുടെ അടുത്ത് വരുന്നവർ കാണാതെ മാറിപ്പോകും. അവർക്ക് എന്തെങ്കിലും നഷ്ടമാകുമെന്നറിഞ്ഞാൽ അവർ നമ്മുടെ അടുത്തുപോലും വരില്ല. നമ്മുടെ കയ്യിലുള്ളത് വാങ്ങിക്കുവാൻ മാത്രം ഈ ലോകത്തിലെ സ്നേഹം ആഗ്രഹിക്കുന്നു. ദൈവസ്നേഹത്തിനു അതിരില്ല. ശത്രുതുക്കളായിരുന്നവരെ പോലും തള്ളിക്കളയാതെ മാറോടണയ്ക്കുന്ന ദൈവസ്നേഹം, ജീവൻ നൽകുന്ന സ്നേഹമാണ്.

ആ സ്നേഹമാണ് നമ്മുടെ ഉറപ്പ്. ആരാണ് ദൈവത്തിന്റെ ഏറ്റവും വാത്സല്യ സന്താനം? നീ മുറിവേറ്റവനാണെങ്കിൽ, നീ നഷ്ടപ്പെട്ടവനാണെങ്കിൽ, ആരുമില്ലാതെ തകർന്നു കിടക്കുന്ന കുഞ്ഞാണ് നീയെങ്കിൽ,നീയാണ് ആ ഇഷ്ടൻ, കണ്ണിലുണ്ണി, പ്രേമഭാജനം. സുരക്ഷിതമായിരിക്കുന്ന തൊണ്ണൂറ്റി ഒൻപതിനേയും വിട്ട് ആ നല്ലയിടയൻ നഷ്ടമായ ഒന്നിന്റെ അടുത്ത് വരുന്നു. നഷ്ടമായ ഒന്ന് അതാണ് ദൈവത്തിന്റെ വിലപിടിച്ച ആത്മാവ്.അതിനെയാണ് ദൈവം തിരയുന്നത്.



ബ്ലെസ്സൺ ചെറിയാൻ

# സിഡ്നി പെന്തെക്കോസ്റ്റൽ വർഷിപ് സെന്റർ ഒരുക്കുന്ന വർഷിപ് നൈറ്റ്

സിഡ്നി : സിഡ്നി പെന്തെക്കോസ്റ്റൽ വർഷിപ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തപെടുന്ന വർഷിപ് നൈറ്റ്, നാളെ, ഓഗസ്റ്റ് 26, ശനിയാഴ്ച വൈകിട്ട് ആറു മണിക്ക് റിവർ'സ് എഡ്ജ് ചർച്ചിൽ (7 / 2 Holker tSreet, Newington, NSW 2127) നടത്തപ്പെടുന്നു. അനുഗ്രഹീത ക്രൈസ്തവ ഗാനരചയിതാവും, വർഷിപ് ലീഡറും ആയ Evg മാത്യു ടി ജോൺ വർഷിപ് ലീഡ് ചെയ്യുന്നതായിരിക്കും. സിഡ്നിയുടെ വിവിധ ഭാഗങ്ങളിൽ നിന്നും അനേകം ദൈവമക്കൾ ഈ മീറ്റിങ്ങിൽ പങ്കെടുക്കും. പാർക്കിംഗ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0499904999ൽ ബന്ധപ്പെടുക.

## സംസ്ഥാനത്ത് ചൂട് കനക്കുന്നു എട്ട് ജില്ലകളിൽ ഉയർന്ന താപനില മുന്നറിയിപ്പ്

തിരുവനന്തപുരം :സംസ്ഥാനത്ത് ചൂട് കനക്കുന്നു, എട്ട് ജില്ലകളിൽ താപനില ഉയരുമെന്നാണ് കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ്. ഇന്നും നാളെയും കൊല്ലം, കോട്ടയം ജില്ലയിൽ ഉയർന്ന താപനില 36 ഡിഗ്രി വരെയായേക്കും. സാധാരണ ഗതിയെക്കാൾ സാധാരണയെക്കാൾ 3 മുതൽ 5 ഡിഗ്രി സെൽഷ്യസ് വരെ കൂടുതലാണിത്. തിരുവനന്തപുരം, ആലപ്പുഴ, പാലക്കാട് ജില്ലകളിൽ താപനില സാധാരണയെക്കാൾ 3 മുതൽ 4 ഡിഗ്രി സെൽഷ്യസ് കൂടി 34 ഡിഗ്രി സെൽഷ്യസ് വരെയാകുമെന്നും മുന്നറിപ്പ് പറയുന്നു.

കഴിഞ്ഞ ദിവസം സംസ്ഥാനത്തെ ഒമ്പത് ജില്ലകളിൽ താപനില ഉയരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചിരുന്നു. സംസ്ഥാനത്ത് താപനില കണക്കുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്കായുള്ള ജാഗ്രത നിർദേശങ്ങൾ കഴിഞ്ഞ ദിവസം ദുരന്ത നിവാരണ അതോറിറ്റി പുറത്തിറക്കിയിരുന്നു


## നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ

**ക്രിസ്ത്യൻ ലൈവിലേക്ക് നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ യഥാർത്ഥത്തിൽ എന്താണ് സംഭവിക്കുന്നത്?**

1. ഫെയ്സ്ബുക്കിലൂടെ

മിഡിൽ ഈസ്റ്റ് ക്രിസ്ത്യൻ ലൈവിന്റെ ഫെയ്സ്ബുക്ക് കൂട്ടായ്മയിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Middle East Christian Youth Minitsries

2 യൂ ട്യൂബിലൂടെ

ക്രിസ്ത്യൻ ലൈവ് യൂ ട്യൂബിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Christian Live

3 ഡിജിറ്റൽ ദിനപത്രത്തിലൂടെ

ക്രിസ്ത്യൻ ലൈവ് മലയാളം ദിനപത്രത്തിലൂടെ ആയിരങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു.
Christian Live Digital Daily

4 ഡിജിറ്റൽ വീക്ക്ലിയിലൂടെ

വിംഗ്സ് ഓഫ് ഹോപ്പ് ഇംഗ്ലിഷ് വീക്ക്ലിയിലൂടെ മുപ്പതിലധികം രാജ്യങ്ങളി വിവിധ ജനവിഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
Wings of Hope

5 ന്യൂസ് പേപ്പറിലൂടെ

ക്രിസ്ത്യൻ ലൈവ് ന്യൂസ് പേപ്പറിലൂടെ യുഎഇയുടെ മിക്ക ഭാഗങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു. Christian Live Dubai Edition

6 വെബ്സൈറ്റിലൂടെ

ഓരോ മണിക്കൂറിലും അപ്ഡേറ്റ് ചെയ്യുന്ന വാർത്തകൾ കാണാനായി ആയിരങ്ങൾ സന്ദർശിക്കുന്ന ക്രിസ്ത്യൻ ലൈവ് വെബ് സൈറ്റിലൂടെ ജനങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു:
www.christianlive in

**അപ്പോൾ ഇനി മടിച്ചു നിൽക്കണോ?
ഒട്ടും വൈകേണ്ട ഇപ്പോൾ തന്നെ
ഞങ്ങളെ വിളിക്കുക:**

India: +91 98465 52220
UAE: +971 55 862 1000

### Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും



EDITORIAL BOARD

*Chief Editor:* Blessin John Malayil
**Managing Editor** Aji George
**Publisher** Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354



# ചന്ദ്രയാനിൽ തെളിഞ്ഞ പ്രാർത്ഥനയും ദൈവവിശ്വാസവും

**ചന്ദ്രയാൻ 3 മിഷനിലെ സയന്റിഫിക് ഉപകരണമായ ചെയ്സ്റ്റിന്റെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററായി പ്രവർത്തിച്ചയാളാണ് ഡോ. നിസി മാത്യു. പ്രാർത്ഥനയും ദൈവ വിശ്വാസവും കൈമുതലാക്കിയ ഡോ. നിസി മാത്യു ചന്ദ്രയാൻ 3 മിഷനിലെ പ്രവർത്തനങ്ങളെ കുറിച്ച് ക്രിസ്ത്യൻ ലൈവ് ചീഫ് എഡിറ്റർ ബ്ലസിൻ ജോൺ മലയിലുമായി മനസ് തുറക്കുന്നു:**

**ചന്ദ്രയാൻ മിഷനിൽ എങ്ങനെയായിരുന്നു പ്രവർത്തനം?**

ചന്ദ്രയാൻ 3 മിഷന്റെ ലാൻഡറിൽ ഒരു ഇൻസ്ട്രമെന്റുണ്ട്. ചെയ്സ്റ്റ് എന്നാണ് അതിന്റെ പേര്. ലാൻഡറിൽ നിന്ന് മൂണിലേക്ക് ഇൻസേർട്ട് ചെയ്തിട്ട് ഫസ്റ്റ് ടെൻ സെന്റിമീറ്റർ മൂണിന്റെ സർഫേസിന്റെ ടെമ്പറേച്ചർ പഠിക്കാനാണ് അതുപയോഗിക്കുന്നത്. ഈ ഇൻസ്ട്രമെന്റിന്റെ പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ എന്ന നിലയിലാണ് ചന്ദ്രയാൻ 3 മിഷനിൽ ഞാൻ പ്രവർത്തിച്ചിരുന്നത്.

**മിഷൻ സക്സസ് ആയപ്പോൾ എന്ത് തോന്നി?**

ലാൻഡർ ലാൻഡ് ചെയ്തപ്പോൾ തന്നെ വളരെയധികം സന്തോഷം തോന്നി. ഞങ്ങൾ മുമ്പൊരു പരാജയം കണ്ടിട്ടുള്ളവരാണ്. ലൂണാ മിഷന്റെ പരാജയം നിങ്ങളും കണ്ടതാണല്ലോ! എന്നാൽ ഈ തവണ വളരെ കൃത്യമായി മിഷൻ പ്രവർത്തിക്കുന്നതു കണ്ടപ്പോൾ ഹൃദയത്തിൽ അഭിമാനവും സന്തോഷവും ഉണ്ടായി. ഞങ്ങൾക്കൊപ്പം വളരെ നാളുകളായി ഒന്നിച്ചു പ്രവർത്തിക്കുന്നവരുടെ കൂട്ടായ്മയും കഠിനദ്ധ്വാനവും പ്രത്യേകം എടുത്ത് പറയേണ്ടതാണ്. വികസിച്ചു കൊണ്ടിരിക്കുന്ന രാജ്യം എന്ന നിലയിൽ ഇന്ത്യയുടെ ശാസ്ത്രജ്ഞന്മാരും എഞ്ചിനിയർമാരും അവരുടെ മാക്സിമം ഔട്ട്പുട്ട് തരുന്നു. അവരുടെ തൊഴിൽ ചെയ്യാനുള്ള ഉത്സാഹവും താൽപര്യവും സന്തോഷവും ഏറെ ശ്രദ്ധിക്കപ്പെടുന്നു. ഒപ്പം അവരെ എപ്പോഴും പിന്തുണക്കുന്ന കുടുംബങ്ങളുടെ കാര്യവും നാം മറക്കരുത്. ചന്ദ്രയാൻ 3 ദൗത്യം വിജയിച്ചതിൽ വളരെയേറെ സന്തോഷമാണുള്ളത്.



**ദൈവ വിശ്വാസം ഈ പ്രവർത്തനത്തിൽ സഹായിച്ചിട്ടുണ്ടോ?**

ദൈവ വിശ്വാസമല്ലാതെ മറ്റൊന്നും ഈ വിഷയത്തിൽ സഹായിച്ചിട്ടില്ല. പലപ്പോഴും വളരെയധികം ബുദ്ധിമുട്ടിലൂടെ കടന്നുപോകേണ്ടി വന്നു. ഒരിക്കൽ അവസാന ഘട്ടത്തിൽ ഞങ്ങളുടെ ഉപകരണം തന്നെ പരാജയപ്പെടുന്ന വിധം വലിയ തകരാറുണ്ടായി. വളരെ നാളുകൾ കൊണ്ട് ഉണ്ടാക്കിയ ആ ഉപകരണം മാറ്റി വെയ്ക്കേണ്ടി വന്നു. പിന്നീട് ചുരുങ്ങിയ കാലം കൊണ്ടാണ് മറ്റൊന്ന് ഉണ്ടാക്കിയത്. ആ സമയത്തൊക്കെ ദൈവവിശ്വാസം ഉള്ളതു കൊണ്ടാണ് ഞങ്ങൾ നിലനിന്നത്. എന്റെ സഹവിശ്വാസികൾ എനിക്കായി പ്രാർത്ഥിച്ചു. വളരെ വിഷമിച്ച ഒരു ഘട്ടത്തിൽ, പിന്നിൽ നിന്ന് പ്രാർത്ഥിക്കാനായി എന്റെ വിശ്വാസ സമൂഹം കൂടെ നിന്നു. ഈ സന്ദർഭത്തിൽ, ഷാർജ വർഷിപ്പ് സെന്റർ കോളെജ് ഓഫ് തിയോളജിയുടെ ഡീനായ പാസ്റ്റർ സൈമൺ ചാക്കോയെ ഞാൻ സ്മരിക്കുന്നു. മുന്നോട്ട് പോകാൻ നിവർത്തിയില്ലാതെ വരുമ്പോൾ അദ്ദേഹത്തിന് ഞാൻ ഒരു മെസേജ് അയക്കും. അദ്ദേഹം വചനത്തിലൂടെ എന്നെ ആശ്വസിപ്പിക്കും; പ്രാർത്ഥിക്കും. കഴിഞ്ഞ കുറെ നാളുകളായി ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരുപാട് ദൈവത്തോട് അടുക്കാനും തത്ഫലമായി ഒടുവിൽ ദൈവപ്രവർത്തി കാണാനും ഇടയായി.

**ഈ രംഗത്തേക്ക് കടന്ന് വരാൻ ആഗ്രഹിക്കുന്ന പുതു തലമുറയോട് എന്താണ് പറയാനുള്ളത്?**

ഈ രംഗത്ത് എന്നല്ല, ഏത് രംഗത്ത് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവരോടും പറയാനുള്ള ഒരേയൊരു കാര്യം ദൈവം നമുക്കായി ഒരു സ്ഥാനം എല്ലായിടത്തും കരുതിയിട്ടുണ്ടെന്നാണ്. വളരെ ചെറിയ പ്രായത്തിൽ തന്നെ ദൈവത്തോട് അടുത്ത് ജീവിക്കുകയാണെങ്കിൽ, നമ്മെ കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശം നമ്മിൽ പൂർത്തികരിക്കും. നാം ദൈവിക കാര്യങ്ങളിൽ സമർപ്പണവും ഉത്തരവാദിത്തവും ഉള്ളവരാണെങ്കിൽ, നിശ്ചയമായിട്ടും ദൈവത്തിന് നമ്മെ സഹായിക്കാനും ഏർപ്പെടുന്ന മേഖലയിൽ അനുഗ്രഹമായി എടുത്ത് ഉപയോഗിക്കുവാനും സാധിക്കും.

**സ്വന്തം കുടുംബത്തെ കുറിച്ച്?**

കുടുംബത്തിന്റെ പിന്തുണയും പ്രാർത്ഥനയും ഉള്ളതു കൊണ്ടാണ് ഈ രംഗത്ത് പ്രവർത്തിക്കാൻ എനിക്ക് സാധിക്കുന്നത്. എന്റെ ഭർത്താവ് റെംസി ഒരു സോഫ്ട് വയർ കമ്പിനി നടത്തുകയാണ്.ഞങ്ങൾക്ക് മൂന്നു മക്കളുണ്ട്. എന്റെ മാതാപിതാക്കൾ പത്തനാപുരത്ത് വാഴത്തോപ്പ് എന്ന സ്ഥലത്ത് മുള വേലിൽ കുടുംബാംഗങ്ങളാണ്.

ഉള്ളൂർ ഇടത്തുണ്ടിൽ കുടുംബാംഗമായ റെംസി തരകന്റെ ഭാര്യയാണ് ഡോ. നിസി. മക്കൾ: ജോർജ്, ഗ്രേസ് , ജോഷ്വ

# നിത്യതയിൽ



ഒഡീഷ : ഒഡീഷയിലെ പഴയ കാല സീനിയർ മിനിസ്റ്റർമാരിൽ ഒരാളും അപ്പോസ്തോലനും ഇന്ത്യ പെന്തകോസ്ത് ദൈവസഭയുടെ നോർത്തേൺ റീജിയൻ ജനറൽ സെക്രട്ടറിയുമായിരുന്ന കർത്ത്യദാസൻ പാസ്റ്റർ എൻ കെ വർഗീസ് ഓഗസ്റ്റ് 24 വ്യാഴാഴ്ച്ച വൈകിട്ട് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.
പൂനയിൽ തന്റെ മകളോടും മരുമകനോടുമൊപ്പം വിശ്രമ ജീവിതം നയിച്ച് വരികയായിരുന്ന പാസ്റ്റർ എൻ കെ വർഗീസ്, ഒറീസയ്ക്ക് വേണ്ടി തുടിക്കുന്ന ഹൃദയമുള്ള നല്ലൊരു ദൈവ ഭൃത്യനായിരുന്നു. ഭാര്യ : പരേതയായ ശ്രീമതി മറിയാമ്മ വർഗീസ്.
മക്കൾ : ബ്ലെസി (പൂനെ), സ്റ്റാൻലി (സിംഗപ്പൂർ), ഫിന്നി (ഡൽഹി), ഫിബി (കാനഡ). മരുമക്കൾ : ഫിന്നി, പ്രിയ, രാഖി, റോബി. സംസ്കാരം ഓഗസ്റ്റ് 28 തിങ്കളാഴ്ച്ച നടക്കും.

---



അലാസ്ക: വാഷിംഗ്ടൺ സംസ്ഥാനത്തെ മോന്റിസാനോ സിറ്റി മേയർ വിനി സാമിന്റെ പിതാവുംമുൻ പോലീസ് ട്രെയിനിങ് കോളേജ് പ്രിൻസിപ്പാളും മുൻ ഡി ജി പി യുമായ അലക്സാണ്ടർ ജേക്കബ് ഐ പി എസിന്റെ ഭാര്യാ പിതാവിന്റെ സഹോദരനുമായ അടൂർ കലയപുരം പാളത്തിൽ സാമുവേൽ തോമസ് (കുഞ്ഞ്, 77 വയസ്സ്) അമേരിക്കയിൽ നിര്യാതനായി.
മുപ്പതിൽ പരം വർഷങ്ങളായി അലാസ്കയിലായിരുന്ന സാമുവേൽ തോമസ് രണ്ട് ഗവർണർന്മാരോടൊപ്പം സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റിവ് സർവീസ് ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സ് വിഭാഗം ഡയറക്ടറായി സേവനം ചെയ്തിരുന്നു.
ഭാര്യ : അടൂർ കൊന്നയിൽ പൊന്നമ്മ തോമസ്. മക്കൾ : വിനി സാം (മേയർ, സിറ്റി ഓഫ് മോന്റിസാനോ), പ്രിയ ഡേവിഡ് (ടീച്ചർ, അലാസ്ക). മരുമക്കൾ : ഗൈ ബർഗ്സ്ട്രം, ഡേവിഡ് ലിൻഡീൻ. കൊച്ചു മക്കൾ : തോമസ്, കോര, തിയോ.
സംസ്കാര ശുശ്രൂഷയും, പൊതുദർശനവും ആഗസ്റ്റ് 26 ശനിയാഴ്ച രാവിലെ 9 മണി മുതൽ മോന്റിസാനോ ചർച്ച് ഓഫ് ഗോഡ് ദേവാലയത്തിൽ (317 East Spruce tSreet, Montesano, WA) നടത്തപ്പെടും. തുടർന്ന് സംസ്കാരം മോന്റിസാനോ വൈനോച്ചി സെമിത്തേരിയിൽ വച്ച് നടത്തും.

---

## ലിയനാമോൾ




അയർലന്റ് : കോർക്ക് എബെനേസർ ചർച്ചിലെ ലിജുവിന്റെയും ജിൻസിയുടെയും മകൾ ലിയനാമോൾ (7) നിത്യതയിൽ പ്രവേശിച്ചു.
ബ്രയിൻ ട്യൂമർ ബാധിച്ച് ചില നാളുകളായി ചികിത്സയിലായിരുന്നു. ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് പാസ്റ്റർ ലിജോ കെ ജോസഫിന്റെ സഹോദരിയുടെ പുത്രിയാണ്.

ന്യൂ ഇന്ത്യ ദൈവസഭ കടയാർ സഭയിലെ അനുഗ്രഹപ്പെട്ട മകളും വളരെ കഴിവുകൾ ഉള്ള സണ്ടേസ്ക്കൂൾ കുട്ടിയുമായിരുന്നു ലിയാനമോൾ.

---

## നരേന്ദ്രമോദിക്ക് പരമോന്നത ബഹുമതി നൽകി ആദരിച്ച് ഗ്രീസ്



ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് പരമോന്നത സിവിലിയൻ ബഹുമതി സമ്മാനിച്ച് ഗ്രീസ്. ഗ്രീസ് പ്രസിഡന്റ് കാറ്ററിന സാകെല്ലർപോലു ആണ് മോദിക്ക് ഗ്രാൻഡ് ക്രോസ് ഓഫ് ഓർഡർ ഓണർ സമ്മാനിച്ചത്.
ബഹുമതി സ്വീകരിച്ച ശേഷം ഗ്രീക്ക് പ്രസിഡന്റിന് പ്രധാനമന്ത്രി പറഞ്ഞു. ഏകദിന സന്ദർശനത്തിന്റെ ഭാഗമായാണ് മോദി ഗ്രീസിലെത്തിയത്. 40 വർഷത്തിനു ശേഷം ഗ്രീസ് സന്ദർശിക്കുന്ന ആദ്യ പ്രധാനമന്ത്രിയാണ് മോദി. 1983ൽ ഇന്ദിരാഗാന്ധിയാണ് ഏറ്റവുമൊടുവിൽ ഗ്രീസ് സന്ദർശിച്ചത്.

# അബ്ലെയ്സ് 2023

എറണാകുളം: പിവൈപിഎ എറണാകുളം സെൻറർ ഒരുക്കുന്ന യുവജന ക്യാമ്പ് അബ്ലെയ്സ് 2023 എന്ന പേരിൽ ആഗസ്റ്റ് 27 മുതൽ 30 വരെ അങ്കമാലി എ.സി.സി ക്യാമ്പ് സെൻ്ററിൽ നടക്കും. 27ന് വൈകുന്നേരം സെൻ്റർ ശുശ്രൂഷകൻ പാസ്റ്റർ സണ്ണി അലക്സാണ്ടർ ഉദ്ഘാടനം ചെയ്യും.

വിവിധ സെഷനുകളിൽ പാസ്റ്റർ അനീഷ് കൊല്ലം, തോമസ് വിളമ്പുകണ്ടം , ഡോ. ഫേബിൾ വർഗീസ് , പാസ്റ്റർ റിജു കെ ജോസഫ് , പാസ്റ്റർ ഷാർളെറ്റ് മാത്യു , ബ്രദർ റോയി തോമസ്, തുടങ്ങിയവർ ശുശ്രൂഷിക്കും യുവജനങ്ങൾക്കായി ക്രമീകരിച്ചിരിക്കുന്ന കാത്തിരിപ്പ് യോഗത്തിൽ പാസ്റ്റർ വർഗീസ് ബേബി ശുശ്രൂഷിക്കും.വിവിധ യോഗങ്ങളിൽ സെൻ്ററിലെ ദൈവദാസന്മാർ അധ്യക്ഷത വഹിക്കും.

ഇവാ. ഷിജിൻ ഷാ, റെൻസിങ് രാജ്, ഡാനി സ്റ്റാൻലി ,തുടങ്ങിയവർ ആരാധനയ്ക്ക് നേതൃത്വം നൽകും. പാസ്റ്റർ ബെന്നി ജോസഫ് കൺവീനറായി വിപുലമായ കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു 500 രൂപ നൽകി ഓൺലൈനിൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന 200 പേർക്കാണ് രജിസ്ട്രേഷൻ നൽകുന്നതെന്ന് പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ഷാജി വിരുപ്പിൽ അറിയിച്ചു


# പിവൈപിഎ മലപ്പുറം മേഖല പ്രവർത്തനോദ്ഘാടനം

നിലമ്പൂർ: പിവൈപിഎ മലപ്പുറം മേഖല പ്രവർത്തനോദ്ഘാടനം സെപ്റ്റം. 2ന് രാവിലെ 9 മുതൽ ഐപിസി എടക്കര കാർമ്മേൽ സഭാഹാളിൽ നടക്കും. പിവൈപിഎ കേരള സ്റ്റേറ്റ് സെക്രട്ടറി ജസ്റ്റിൻ നെടുവേലിൽ ഉദ്ഘാടനം നിർവഹിക്കും. സ്റ്റേറ്റ് പ്രസിഡൻ്റ് ഇവാ. ഷിബിൻ ജി. സാമുവേൽ മുഖ്യസന്ദേശം നൽകും. ഐപിസി കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫെയർ ബോർഡ് ചെയർമാൻ സജി മത്തായി കാതേട്ട്, പിവൈപിഎ കേരള സ്റ്റേറ്റ് ജോയിൻ്റ് സെക്രട്ടറി സന്ദീപ് വിളമ്പുകണ്ടം എന്നിവർ പങ്കെടുക്കും.

ഐപിസി ജനറൽ കൗൺസിൽ മെമ്പർ ജെയിംസ് വർക്കി , മേഖലയിലെ സെൻ്റർ ശുശ്രൂഷകന്മാരായ ജോൺ ജോർജ്, വർഗീസ് മാത്യു, കെ.സി.ഉമ്മൻ, ബിജോയ് കുര്യാക്കോസ്, ജോയ് പോൾ, സി.സി. ബാബു, വി.ടി. അന്ത്രയോസ് എന്നിവർ ആശംസകൾ അറിയിക്കും.

മേഖല ഭാരവാഹികളായ ഇവാ. സന്തോഷ് എൻ.ടി. (പ്രസിഡൻ്റ്), ഇവാ. ബിബിൻ കെ , ലിനു റോബി (വൈസ് പ്രസിഡണ്ടുമാർ ), ഷിജോ വർഗീസ് (സെക്രട്ടറി), ഇവാ. പ്രിൻസ് ചാക്കോ ജോൺ, ഫിലോസ് ബെന്നി (ജോയിൻ്റ് സെക്രട്ടറിമാർ), സിസ്റ്റർ ലെന കെ.വി. (ട്രഷറർ), ജോബിൻ ജോസഫ് (പബ്ലിസിറ്റി കൺവീനർ), വിൽസൺ എബ്രഹാം ജോസ് (ടാലൻ്റ് കൺവീനർ) എന്നിവർ നേതൃത്വം നൽകും.

# നിന്നെ ഞാൻ നിരീക്ഷിക്കുന്നു ;ചന്ദ്രയാൻ 3 ലാന് ഡറിന്റെ ചിത്രങ്ങൾ പകർത്തി ചന്ദ്രയാൻ2 ഓർബിറ്റർ



ബാംഗളൂർ :ചന്ദ്രോപരിതലത്തിൽ സുരക്ഷിതമായി ഇറങ്ങിയ ചന്ദ്രയാൻ മൂന്ന് വിക്രം ലാൻഡറിന്റെ കൂടുതൽ ചിത്രങ്ങൾ പുറത്തുവിട്ട് ഐഎസ്ആർഒ .2019 ൽ ഇന്ത്യ വിക്ഷേപിച്ച ചന്ദ്രയാൻ 2 ഓർബിറ്ററിന്റെ ക്യാമറ പകർത്തിയ ചിത്രങ്ങളാണ് ഐഎസ്ആർഒ പുറത്തുവിട്ടത്.

ഐഎസ്ആർഒ രണ്ടാമത്തെ ചാന്ദ്രപര്യവേക്ഷണ ദൗത്യമായ ചന്ദ്രയാൻ2 ഭാഗികമായി പരാജയപ്പെട്ടിരുന്നു. 2019 സെപ്റ്റംബർ 7 നു പുലർച്ചെ നടന്ന സേഫ്റ്റ് ലാന്റിങിന്റെ അവസാനഘട്ടത്തിൽ വിക്രം ലാന്ററുമായുള്ള ബന്ധം ചന്ദ്രയാൻ 2 ന്റെ പ്രധാനഭാഗമായ ഓർബിറ്ററിനു നഷ്ടപ്പെടുകയായിരുന്നു. ചന്ദ്രോപരിതലത്തിനു 2.1 കിലോമീറ്റർ ഉയരത്തിൽ വെച്ച് നിന്നാണ് അന്ന് തിരിച്ചടി നേരിട്ടത്. ഇതോടെ വിക്രം ലാൻഡർ ചന്ദ്രോപരിതലത്തിൽ ഇടിച്ചിറങ്ങുകയും ചെയ്തു. എന്നാൽ പ്രധാനഭാഗമായ ഓർബിറ്റർ ഇപ്പോഴും പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുന്നത് കൂടിയാണ് ഐഎസ്ആർഒ പുറത്തുവിട്ട പുതിയ ചിത്രങ്ങൾ.

# ഏഷ്യയിൽ ക്രൈസ്തവർക്ക് നേരെ നടക്കുന്ന പീഡനങ്ങളിൽ വർദ്ധനവ്: പുതിയ റിപ്പോർട്ട്





സിയോൾ: ഏഷ്യയിൽ ക്രൈസ്തവർക്ക് നേരെ നടക്കുന്ന പീഡനങ്ങൾ വർധിച്ചതായി പുതിയ റിപ്പോർട്ട്. 'കാത്തലിക്ക് പീസ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ ഓഫ് കൊറിയ' (സിപിബിസി) ഓഗസ്റ്റ് 22നു പുറത്തുവിട്ട റിപ്പോർട്ടിലാണ് വിഷയം ചൂണ്ടിക്കാണിക്കുന്നത്. മണിപ്പൂരിലും പാക്കിസ്ഥാന്റെ പഞ്ചാബ് പ്രവിശ്യയിലും അടുത്തിടെ ക്രൈസ്തവർക്ക് നേരെ നടന്ന അക്രമങ്ങളും ഉദാഹരണമായി റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു. മണിപ്പൂരിൽ നൂറ്റിതൊണ്ണൂറോളം ആളുകൾ കൊല്ലപ്പെട്ട സംഭവത്തിൽ സർക്കാർ നടപടി സ്വീകരിക്കാൻ പരാജയപ്പെട്ടുവെന്നും, അക്രമ സംഭവങ്ങളെ വോട്ട് നേടാനുള്ള മാർഗമായി കണ്ടുവെന്നും റിപ്പോർട്ട് കുറ്റപ്പെടുത്തുന്നുണ്ട്.

ഒരു ദിവസം ലോകത്തെ ഏഴു ക്രൈസ്തവരിൽ ഒരാൾ പീഡിപ്പിക്കപ്പെടുന്നുവെന്ന് ഐക്യരാഷ്ട്രസഭയിൽ മാർച്ച് മാസം വെളിപ്പെടുത്തൽ നടത്തിയ യുഎന്നിലെ വത്തിക്കാന്റെ സ്ഥിരം നിരീക്ഷക പദവിയിൽ പ്രവർത്തിക്കുന്ന ആർച്ച് ബിഷപ്പ് ഫോർത്തുനാത്തൂസ് നാച്കുവിന്റെ പ്രസ്താവനയും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. പാക്കിസ്ഥാനെയും, ഇന്ത്യയെയും കൂടാതെ ചൈന, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിലും വലിയ തോതിലാണ് ക്രൈസ്തവ പീഡനം നടക്കുന്നത്. കൂടാതെ ഏഷ്യക്ക് പുറത്ത് ആഫ്രിക്കൻ രാജ്യമായ നൈജീരിയയിലടക്കം ക്രൈസ്തവർ ഭീഷണി നേരിടുന്നു. ഇസ്രായേലിൽ അടുത്തിടെ ക്രൈസ്തവ സന്യാസ ആശ്രമങ്ങൾക്ക് നേരെ യഹൂദ തീവ്രവാദികളുടെ അക്രമം റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു.

പാക്കിസ്ഥാൻ പോലുള്ള രാജ്യങ്ങളിൽ വ്യാജ മതനിന്ദ ആരോപണം ചൂണ്ടിക്കാട്ടി ക്രൈസ്തവ ഭവനങ്ങളും, ദേവാലയങ്ങളും അഗ്നിക്കിരയാക്കുന്നത് ക്രൈസ്തവരുടെ ജീവിതം അരക്ഷിതാവസ്ഥയിലാക്കിയിരിക്കുകയാണ്. നിക്കരാഗ്വേയിൽ ഭരണകൂടം വൈദികരെയും, ക്രൈസ്തവ പ്രസ്ഥാനങ്ങളെയും ലക്ഷ്യമിടുന്നതും റിപ്പോർട്ട് ആശങ്കയോടെയാണ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

# മതപരിവർത്തനം ആരോപിച്ച് ഭവനത്തിൽ പ്രാർത്ഥനായോഗം നടത്തിയ അഞ്ചുപേർ അറസ്റ്റിൽ




ലഖ്നൗ: ക്രിസ്തുവിശ്വാസത്തിലേക്ക് മതപരിവർത്തനം ചെയ്യാൻ ആളുകളെ പ്രേരിപ്പിച്ചു എന്ന ആരോപണത്തിൽ അഞ്ച് പേരെ കുശിനഗർ പോലീസ് ബുധനാഴ്ച അറസ്റ്റ് ചെയ്തു.

രാമചന്ദ്ര സാഹ്നി, കിമ്മു, സിക്കന്ദർ കുമാർ, ഹരേന്ദ്ര പ്രസാദ്, ഗുഡ്ഡി എന്നിവരാണ് പിടിയിലായത്. ചൊവ്വാഴ്ച വൈകുന്നേരം രാമചന്ദ്ര സാഹ്നി ചന്ദ്രശേഖർ ആസാദ് നഗറിലെ വീട്ടിൽ പ്രാർത്ഥനായോഗം സംഘടിപ്പിച്ചിരുന്നു, അവിടെ ഇയാളുടെ കൂടെ കിമ്മു, സിക്കന്ദർ കുമാർ, ഹരേന്ദ്ര പ്രസാദ്, ഗുഡ്ഡി എന്നിവർ പ്രദേശവാസികളെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യാൻ പ്രേരിപ്പിക്കുന്നതിനാണ് യോഗം എന്നാരോപിച്ചാണ് കേസ്.

മതപരിവർത്തനത്തിനായി പണം വാഗ്ദാനം ചെയ്തതായും പരാതിയുണ്ട്.കൂടാതെ ബുക്ക്ലെറ്റുകളും ലഘുലേഖകളും നൽകിയിട്ടുണ്ട്. യുപിയിലെ നിയമവിരുദ്ധമായ മതപരിവർത്തന നിരോധന നിയമത്തിലെ പ്രസക്തമായ വകുപ്പുകൾ ചുമത്തിയാണ് അറസ്റ്റ് ചെയ്തവർക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്തിരിക്കുന്നത് കപ്തംഗഞ്ച് സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്എച്ച്ഒ), വിനയ് കുമാർ സിംഗ് പറഞ്ഞു. കഴിഞ്ഞ എട്ട് മാസത്തിനിടെ 91 പേരാണ് മതപരിവർത്തന ശ്രമത്തിന്റെ പേരിൽ അറസ്റ്റിലായത്. ഇതിൽ 35 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

# കെനിയയിൽ തീവ്രവാദ ആക്രമണം: പള്ളിയും വീടുകളും കത്തിച്ചു

സൊമാലിയ: കെനിയയിൽ അൽഷബാബ് ഭീകരർ നടത്തിയ ആക്രമണത്തിൽ രണ്ടുപേർ കൊല്ലപ്പെടുകയും പത്തു വീടുകളും ഒരു പള്ളിയും കത്തിക്കുകയും ചെയ്തു.ആഗസ്റ്റ് 22നായിരുന്നു ആക്രമണം. സൊമാലിയൻ ആസ്ഥാനമായുള്ള അൽഷബാബ് തീവ്രവാദികൾ നടത്തിയ രണ്ട് ആക്രമണങ്ങൾക്കുശേഷം പ്രദേശവാസികൾ ആക്രമണം ഭയന്ന് ഒരു സ്കൂളിൽ ക്യാമ്പ് ചെയ്യുകയായിരുന്നു. അക്രമികളെ വനത്തിലേക്കു തുരത്തിയതായി സുരക്ഷാ ഉദ്യോഗസ്ഥൻ പറഞ്ഞു. മറ്റൊരാക്രമണത്തിൽ, അൽഷബാബ് സംഘം ലാമു ഗാർസെൻ റോഡിലൂടെ സഞ്ചരിക്കുന്ന വാഹനങ്ങളെ പതിയിരുന്ന് ആക്രമിച്ചപ്പോൾ രണ്ട് വാഹനയാത്രികർ കൊല്ലപ്പെട്ടു. കഴിഞ്ഞ രണ്ടു മാസത്തിനിടെ ഈ ഭീകരസംഘടന നടത്തിയ വ്യത്യസ്ത ആക്രമണങ്ങളിൽ പന്ത്രണ്ടിലധികം പേരുടെ ജീവനാണ് നഷ്ടമായത്.





13 AUGUST 2023
Wings of HOPE
For Private Circulation Only
ക്രിസ്ത്യൻ ലൈവ് മീഡിയയിൽ നിന്നും
ഇപ്പോൾ നിങ്ങൾക്കായി ഒരു ഇംഗ്ലീഷ് പത്രം
എല്ലാ ഞായറാഴ്ചകളിലും പ്രസിദ്ധികരിക്കുന്നു
സൗജന്യ കോപ്പികൾക്കായി ഇന്നു
തന്നെ വാട്സാപ്പ് ചെയ്യുക:
09846552220




CHRISTIAN LIVE
CHRISTIAN LIVE.IN
MIDDLE EAST CHRISTIAN YOUTH MINISTRIES
+91 9846 55 22 20 | +91 9188 52 22 20 | +971 55 862 1000
info@christianlive.in
www.christianlive.in
KERALA | BANGALORE | DUBAI
USA | CANADA | KUWAIT | UK
BRAND MARKETING
EVENT MANAGEMENT
ONLINE NEWS PORTAL
DAILY NEWS PAPER
LED WALL/TV RENTAL
+91 9846552220
MEDIA PRODUCTION LIVE STREAMING